"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - ജീവനക്കാര്യം - ശ്രീ എസ് വിജയരാജിന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപ്പീൽ അപേക്ഷ തീർപ്പ് കല്പ്പിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

കൃഷി (ഇ എ) വകുപ്പ്

**G.O.(Rt)No.64/2025/AGRI** തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:-

1. വിവരാവകാശ നിയമപ്രകാരം, RTI Portal മുഖാന്തിരം RTI/8055/2024 നമ്പറായി ശ്രീ എസ് വിജയരാജ് സമർപ്പിച്ചതും 05/12/2024-ന് ഈ വകുപ്പിൽ ലഭ്യമായതുമായ 29/11/2024 തീയതി വച്ച അപേക്ഷ.
2. ശ്രീ എസ് വിജയരാജിന്റെ 31/12/2024 തീയതി വച്ച അപേക്ഷ.
3. കൃഷി വകുപ്പ് അണ്ടർ സെക്രട്ടറി & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ 04/01/2025-ലെ മറുപടി.
4. വിവരാവകാശ നിയമപ്രകാരം ശ്രീ എസ് വിജയരാജ് സമർപ്പിച്ച 06/01/2025-ലെ അപ്പീൽ അപേക്ഷ.
5. 24/01/2025,ലെ കൃഷി-ഇ.എ3/1/2025-കൃഷി നമ്പർ അനൗദ്യോഗിക കുറിപ്പ്.
6. 25/01/2025 ലെ നിയമ വകുപ്പിന് അയച്ച കൃഷി-ഇ.എ3/1/2025-കൃഷി നമ്പർ അനൗദ്യോഗിക കുറിപ്പ്

<u>ഉത്തരവ്</u>

ശ്രീ എസ് വിജയരാജ് 29/11/2024-ന് RTI Portal മുഖാന്തിരം RTI/8055/2024

നമ്പറായി, പരാമർശം (1) പ്രകാരം കൃഷി വകുപ്പ് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ചതും 05/12/2024-ന് കൃഷി വകുപ്പ് (ഇ എ) സെക്ഷനിൽ ലഭ്യമായതുമായ അപേക്ഷയിൽ നാളിതുവരെ ടിയാന് ആവശ്യപ്പെട്ട വിവരങ്ങളോ മറ്റു മറുപടിയോ കിട്ടിയിട്ടില്ലായെന്നും തുടർന്ന് ടിയാൻ നല്കിയ 31/12/2024 ലെ കത്തിന്റെ അടിസ്ഥാനത്തിൽ 04/01/2025-ന് അണ്ടർ സെക്രട്ടറി & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ കത്ത് ലഭിച്ചിരുന്നുവെന്നും 31/12/2024 ലെ ടിയാന്റെ കത്തിനു ശേഷമാണ് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഫയൽ വിവരങ്ങൾ ലഭ്യമല്ല എന്ന വിവരം ടിയാനെ അറിയിച്ചതെന്നും എന്നാൽ ടി ഫയലിലെ വിവരങ്ങൾ മനഃപൂർവ്വം നല്കാതെയിരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ടി ഫയലിന്റെ അടിസ്ഥാനത്തിലാണ് ടിയാന്റെ പ്രമോഷൻ പരിഗണിക്കുന്നതെന്നും ആയതിനാൽ മേൽ വിവരങ്ങൾ പരിശോധിച്ച് വിവരാവകാശ നിയമപ്രകാരം ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് പരാമർശം (4) പ്രകാരം അപ്പീൽ അപേക്ഷ ലഭ്യമാക്കിയിരുന്നു.

2. കൃഷി (ഇ എ) വകുപ്പ് അപ്പീൽ അധികാരി പരാമർശം (4) പ്രകാരമുള്ള അപ്പീൽ അപേക്ഷ വിശദമായി പരിശോധിച്ചു. 23.11.2004 ലെ G.O.(Rt) No.1824/ 04/AD നമ്പർ ഉത്തരവുമായി ബന്ധപ്പെട്ട 29/01/1995-ലെ സീനിയർ അഡീഷണൽ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്, 24/02/1998-ലെ സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ കോരാ പി തോമസ് നടത്തിയ ഓഡിറ്റ് റിപ്പോർട്ട് എന്നിവയുടെ പകർപ്പ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട്, 29/11/2024-തീയതി വച്ച് ശ്രീ എസ് വിജയരാജ് RTI Portal മുഖാന്തിരം പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 05/12/2024-ന് കൃഷി (ഇ എ) വകുപ്പിൽ ലഭ്യമായതിനെ തുടർന്ന് 23.11.2004 ലെ G.O.(Rt) No.1824/ 04/AD നമ്പർ ഉത്തരവുമായി ബന്ധപ്പെട്ട കൃഷി-ഇ എ3/42340/1998/കൃഷി നമ്പർ തീർപ്പ് ഫയൽ കൃഷി (ഇ എ) വകുപ്പിലെ മൂന്നു സീറ്റുകളിലും, Record Keeping Cellar -ലും ലഭ്യമായിട്ടില്ലാത്തതിനാൽ, G.O.(Rt) No.1824/ 04/AD നമ്പർ ഉത്തരവോ ആയതുമായി ബന്ധപ്പെട്ട ഫയലോ ഈ വകുപ്പിൽ ലഭ്യമല്ല എന്ന വിവരം 04/01/2025-ന് ശ്രീ വിജയരാജിന്റെ അഡ്രസ്സിലേക്ക് മറുപടി നല്കുകയുണ്ടായതെന്ന് കാണുന്നു. കൂടാതെ 29/01/1995-ലെ സീനിയർ അഡീഷണൽ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്, 24/02/1998-ലെ

സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ കോരാ പി തോമസ് നടത്തിയ ഓഡിറ്റ് റിപ്പോർട്ട് എന്നിവയുടെ പകർപ്പ് ലഭ്യമാണെങ്കിൽ ആയത് നേരിട്ട് അപേക്ഷകന് നൽകുന്നതിലേക്കായി അപേക്ഷയുടെ പകർപ്പ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്കും 04/01/2025-ലെ കത്ത് പ്രകാരം നൽകിയിരുന്നു.

3. ശ്രീ വിജയരാജ് പരാമർശം (4) പ്രകാരം ശ്രീ വിജയരാജ് അപ്പീൽ അപേക്ഷ സമർപ്പിച്ച സാഹചര്യത്തിൽ, നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ സൂപ്രണ്ടായി ജോലി നോക്കി വന്നിരുന്ന കാലത്ത് ഓഡിറ്റ് ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ടിയാ നെതിരെയുണ്ടായിരുന്ന അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കിയ 23.11.2004 ലെ G.O.(Rt) No.1824/ 04/AD നമ്പർ ഉത്തരവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ കൃഷി-ഇ എ3/42340/1998/കൃഷി നമ്പർ ഫയൽ കൃഷി വകുപ്പിലെ തന്നെ മറ്റ് സെക്ഷനുകളിലോ സെക്രട്ടേറിയറ്റിലെ ധനകാര്യ/നിയമ വകുപ്പുകളുൾപ്പെടെയുള്ള മറ്റ് വകുപ്പുകളിലോ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിലേക്കായി പരാമർശം (5) പ്രകാരം 24/01/2025 തീയതിയിൽ ഒരു അനൗദ്യോഗിക കുറിപ്പും 25/01/2025 തീയതിയിൽ പരാമർശം (6) പ്രകാരം നിയമ വകുപ്പിന് പ്രത്യേകമായും അനൗദ്യോഗിക കുറിപ്പും നൽകിയിട്ടുണ്ട്.

4. 23.11.2004 ലെ G.O.(Rt) No.1824/ 04/AD നമ്പർ ഉത്തരവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ കൃഷി-ഇ എ3/42340/1998/കൃഷി നമ്പർ ഫയൽ കണ്ടെത്തുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് വിശദമായി തുടർ അന്വേഷണം നടത്തേണ്ടതും അപ്രകാരം ഫയൽ കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത ഫയലിലെ അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരങ്ങൾ അപേക്ഷകനെ അറിയിക്കേണ്ടതാണ് എന്ന ഉപാധിയോടെ പരാമർശം (4) പ്രകാരമുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

**DEPUTY SECRETARY**

പകർപ്പ്

1. ശ്രീ എസ്. വിജയരാജ്

   രാജ് ഭവൻ, മാശിവയൽ

   മറയൂർ, ഇടുക്കി- 685620

   ഫോൺ 9447031547

2. ഡയറക്ടർ

   കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) &(എ &ഇ),കേരള,

   തിരുവനന്തപുരം.

4. ഡയറക്ടർ

   വിവര പൊതുജന സമ്പർക്ക് വകുപ്പ്

5. കരുതൽ സഞ്ചയം/ഓഫീസ് കോപ്പി (കൃഷി-EA3/1/2025-കൃഷി)

ഉത്തരവിൻ പ്രകാരം

Signed by

Aswathi S Poonkavanam

Date: 30-01-2025 11:48:48

സെക്ഷൻ ഓഫീസർ